**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3331** **26-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ കോയിപ്പാട് ഗവ: എൽ.പി.എസ്., നെടുങ്ങോലം ഗവ: എച്ച്.എസ്. , ഉളിയനാട് ഗവ: എച്ച്.എസ്. എന്നീ സ്കൂളുകളിൽ കിഫ്ബിയുടെ നിർവ്വഹണ ചുമതലയിൽ ഒരു കോടി മുപ്പത് ലക്ഷം രൂപ വീതം വിനിയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**1. കോയിപ്പാട് ഗവ. എൽ.പി.സ്കൂൾ**<br>നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതി കാനുമതി ലഭിച്ചിട്ടുണ്ട്. Project Execution Document തയ്യാറാക്കി കിഫ്ബിക്ക് നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>**2. നെടുങ്ങോലം ഗവ.എച്ച്.എസ്**<br>ടെണ്ടർ നടപടികൾ പൂർത്തിയാക്കി Letter of Acceptance നൽകിയിട്ടുണ്ട്.<br>**3. ഉളിയനാട് ഗവ. എച്ച്.എസ്**<br>റീ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാകാനുള്ളത്; കാലതാമസം ഒഴിവാക്കി പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സത്വരമായി പൂർത്തിയാക്കുന്നതിന് നിർവഹണ ഏജൻസിക്കും, കിഫ്ബിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ